# പെന്തെക്കോസ്ത്

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന് അ.പ്ര. 2:1-4; യോഹ. 14:6; അ.പ്ര. 2:5-13; യോവേൽ 2:28-32; അ.പ്ര. 2:22-39; സങ്കീ. 110:1-3.**

**മനഃപാഠവാക്യം : ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു; അതിനു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേയ്ക്ക് ആരോഹണം ചെയ്തു. പരിശുദ്ധാത്മാവ് എന്ന വാഗ്ദാനം പിതാവിനോട് വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നു തന്നു (അ.പ്ര. 2:32,33).**

പെന്തെക്കോസ്ത് എന്നവാക്ക് യെഹൂദന്മാരുടെ ആഴ്ചകളുടെ ഉത്സവമായ 'പെന്തെക്കോസ്ത്' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് (പുറ.34:22). ഇത് ആദ്യഫലങ്ങളുടെ ഉത്സവം എന്നും അറിയപ്പെടുന്നു (സംഖ്യ. 28:26). ഈ പദത്തിന്റെ അർത്ഥം 'അമ്പതാമത്തെ' എന്ന പ്രയോഗത്തിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ പെസഹയുടെ പിറ്റേ ദിവസം യവക്കറ്റ അർപ്പിക്കുന്ന ഒന്നാം ദിവസം മുതൽ അമ്പതാമത്തെ ദിവസമാണ് ഈ ഉത്സവം ആഘോഷിക്കുന്നത്. ഇത് സന്തോഷത്തിന്റെയും നന്ദിയർപ്പിക്കലിന്റെയും ദിവസമായിരുന്നു. കോതമ്പുകൊയ്ത്തിലെ ആദ്യഫലോത്സവമായ വാരോത്സവം (പുറ. 34:22). ഈ ഉത്സവം ക്രിസ്തീയ സഭയുടെ ഒന്നാമത്തെ ആത്മഫലശേഖരത്തിന് അനുയോജ്യമായ ഒരു മാതൃകയായിതീർന്നു. മുമ്പ് ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത രീതിയിൽ പരിശുദ്ധാത്മാവിന്റെ അധികവർഷം ജനത്തിനുമേൽ ഉണ്ടാ യപ്പോൾ ഒറ്റ ദിവസം മൂവായിരം പേർ സ്നാനം ഏറ്റു. (അ.പ്ര. 2:41) യേശുവിന്റെ ഉയിർപ്പിനും സ്വർഗ്ഗരോഹണത്തിനുശേഷം മാനുഷീക ബുദ്ധിക്ക് അതീതമായ, ആത്മമാരി ഗലീലയിൽ നിന്നുള്ള സാധാരണക്കാരും അറിയപ്പെടാതിരുന്നവരുമായ അപ്പോസ്തലന്മാരെ പെട്ടെന്ന് ലോകത്തെ മാറ്റുവാൻ തക്ക ഉറച്ചവിശ്വാസവും ധൈര്യമുള്ളവരുമാക്കി മാറ്റി.

പെന്തെക്കോസ്ത് പലപ്പോഴും സഭയുടെ ജന്മദിനമായി വിളിക്കപ്പെടുന്നു, ആ കാലത്തു ക്രിസ്തുവിൽ അനുയായികളായിരുന്ന യെഹൂദന്മാർക്കും പിൽക്കാലത്ത് ജാതികളും ഭൂമിയിൽ ദൈവത്തിന്റെ പുതിയ ജനം എന്ന് അംഗീകരിക്കപ്പെട്ടിരുന്നു.

## പരിശുദ്ധാത്മാവിന്റെ വരവ്

യേശുവിന്റെ കല്പനയെ വിശ്വസിച്ച് പരിശുദ്ധാത്മ വാഗ്ദത്തത്തിനായി ശക്തിയോടെ പ്രാർത്ഥിച്ചും പാപങ്ങളെ ആത്മാർത്ഥമായി ഏറ്റുപറഞ്ഞും ദൈവത്തെ സ്തുതിച്ചുകൊണ്ട് അവർ എല്ലാവരും യെരൂശലേമിൽ കാത്തിരുന്നു. ആ ദിവസം വന്നപ്പോൾ അവർ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ച് കൂടിയിരുന്നു. (അ.പ്ര. 2:1). അത് മിക്കവാറും അ.പ്രവൃത്തികൾ ഒന്നാം അദ്ധ്യായത്തിലെ മാളിക മുകളിലെ വലിയ മുറിയായിരിക്കാം. എങ്ങനെയായാലും പെട്ടെന്ന് തന്നെ അവർ അതിനെക്കാൾ പൊതുവായ സ്ഥലത്തേയ്ക്ക് മാറിപ്പോകും (അ.പ്ര. 2:6-13).

**വായിക്കുക: അ.പ്ര. 2:1-3 എന്ത് അസാധാരണമായ സംഭവങ്ങളാണ് പരിശുദ്ധത്മാവ് വർഷത്തോടു കൂടെയുണ്ടായിരുന്നത്?**

ആ കാഴ്ച വളരെ ഭയങ്കരമാരയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റ് അടിക്കുന്നതുപോലെ വലിയ മുഴക്കം ഉണ്ടായിട്ട് ആ സ്ഥലം മുഴവനും നിറച്ചു. അതിനുശേഷം അഗ്നി ജ്വാലപോലെ പ്രത്യക്ഷമായി അവിടെയുണ്ടായിരുന്നവരുടെ മേൽ പതിഞ്ഞു.

തിരുവചനത്തിൽ കാറ്റും അഗ്നിയും പലപ്പോഴും ദൈവ സാന്നിദ്ധ്യത്തിന്റെ അടയാളമാണ് (ഉദാ. പുറ. 3:2, 19:18; ആവ. 4:15). മാത്രമല്ല കാറ്റും അഗ്നിയും ദൈവത്മാവിനെ പ്രതിനിധീകരിക്കുന്നു (യോഹ.3:8; മത്തായി 3:11). പെന്തെക്കോസ്തിന്റെ കാര്യത്തിൽ, ഇത്തരത്തിലുള്ള പ്രതിഭാസത്തിന്റെ വിശദമായ അർത്ഥം എന്തുതന്നെയായാലും അത് രക്ഷാചരിത്രത്തിൽ അസാധാരണ നിമിഷം ആരംഭിക്കുന്നതിന്റെ അടയാളമായിരുന്നു, വാഗ്ദത്തം നൽകപ്പെട്ട ആത്മാവിന്റെ മാരി.

പരിശുദ്ധാത്മാവ് എപ്പോഴും തന്റെ ശുശ്രൂഷയിലായിരുന്നു. പഴയനിയമ കാലത്ത് ഇതിന്റെ സ്വാധീനം പലപ്പോഴും ദൈവജനത്തിനുമേൽ പ്രകടമായ രീതിയിൽ വെളിപ്പെടുത്തിയിരുന്നു, എന്നാൽ ഒരിക്കൽപ്പോലും അതിന്റെ പൂർണ്ണതയില്ലായിരുന്നു. അപ്പൊസ്തോലിക കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ സ്വാധീനം തിരിച്ചറിയപ്പെടുന്ന വിധത്തിൽ വെളിപ്പെട്ടിരുന്നു. എന്നാൽ ഒരിക്കലും പൂർണ്ണമായിരുന്നില്ല. ഇപ്പോൾ രക്ഷകന്റെ വാക്കുകളിൽ വിശ്വാസമുള്ളവരായി ഈ ആത്മീയ ദാനത്തിനായി ശിഷ്യന്മാർ താഴ്മയോടെ അപേക്ഷിച്ചു, സ്വർഗ്ഗത്തിൽ കർത്താവിന്റെ മധ്യസ്ഥ വേലയും ഇതിനോടുകൂടെ ചേർക്കപ്പെട്ടു. തന്റെ ജനത്തിനുമേൽ ചൊരിയപെടാൻ പരിശുദ്ധത്മാവിന്റെ ദാനത്തെ അവൻ അവകാശപ്പെട്ടു"എലൻ ജി. വൈറ്റ്, അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ, പേജ് 37.

മശിഹായുടെ വരവോടെയുള്ള പരിശുദ്ധാത്മ സ്നാനത്തെപ്പറ്റി യോഹന്നാൻ സ്നാപകൻ പ്രവചിച്ചിരുന്നു (ലൂക്കൊ. 3:16; അ.പ്ര. 11:16 മായി താരതമ്യം ചെയ്യുക) യേശു തന്നെ പല സമയങ്ങളിലും ഇതു സൂചിപ്പിച്ചിട്ടുണ്ട് (ലൂക്കൊസ് 24:49, അ.പ്ര. 1:8) ഈ പരിശുദ്ധാത്മവുമായി ആയിരിക്കും ദൈവമുമ്പാകെയുള്ള അവന്റെ ആദ്യത്തെ മദ്ധ്യസ്ഥ വേല (യോഹ. 14:16,26;15:26) പെന്തക്കോസ്തു നാളിൽ ആ വാഗ്ദത്തം പൂർത്തീകരിച്ചു.

പെന്തക്കോസ്തുനാളിലെ പരിശുദ്ധാത്മവിനാലുള്ള സ്നാനം യേശുവിന്റെ കാൽവറിയിലെ ജയത്തോടും ഉയിർപ്പോടും ബന്ധപ്പെട്ടുള്ള ഒരു സവിശേഷ സംഭവമായിരുന്നെങ്കിലും, പരിശുദ്ധത്മാവിനാൽ നയിക്കപ്പെടുകയെന്ന അനുഭവം തുടർന്നും ദൈവ ജനത്തിന്റെ ജീവിതത്തിൽ ആവർത്തിച്ചുകൊണ്ടിരുന്നു (അ.പ്ര. 4:8,31; 11:24; 13:9,52; എഫെ. 5:18).

**പരിശുദ്ധാത്മാവ് നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നു എന്നതിന് എന്ത് അടയാളമാണ് നിങ്ങൾക്ക് ഉള്ളത്?**

**തിങ്കൾ** **ജൂലൈ 9**

**ഭാഷാവരം**

അ.പ്ര. 2:4 ൽ വിവിധ ഭാഷകൾ സംസാരിക്കുന്നത് പരിശുദ്ധത്മ ദാനത്തിന്റെ അടയാളമായി കാണുന്നുവെങ്കിലും ഇത് പരിശുദ്ധാത്മവിന്റെ അനേക അടയാളങ്ങളിൽ ഒന്നു മാത്രമാണ് (അ.പ്ര.10:45,46;19:6) മറ്റ് അടയാളങ്ങൾ ഭവിയെക്കുറിച്ച് സംസാരിക്കുക (അ.പ്ര.11:28) ദർശനങ്ങൾ (അ.പ്ര.7:5) സൗഖ്യം (അ.പ്ര. 3:6,12;5:12,16) ദൈവ വേലയ്ക്കുള്ള യോഗ്യത (അ.പ്ര. 6:3,5) എന്നിവയാണ്.

പെന്തക്കോസ്തു നാളിൽ ഉണ്ടായ വിവിധ ഭാഷകളുടെ വരം എന്തെങ്കിലും പ്രത്യേകമായിട്ടുള്ളതോ അല്ലെങ്കിൽ പരിശുദ്ധാത്മ ദാനത്തിൽ വളരെ പ്രധാനപ്പെട്ടതോ ആയതുകൊണ്ടല്ല. ലോകത്തിൽ സഭയുടെ ദൗത്യത്തിന് തുടക്കം കുറിക്കുന്നതിനുള്ള അടയാളമായിരുന്നു. ഇത് ഭാഷാവരം ആവശ്യപ്പെടുന്ന അ.പ്ര. 1:8 ൽ നൽകിയിട്ടുള്ള വിളിയാണ്. സാംസ്കാരിക പ്രതിബന്ധങ്ങളെ മറികടന്ന് സുവിശേഷവുമായി അപ്പൊസ്തലന്മാർ ലോകത്തിന്റെ അറ്റത്തോളം എത്തിച്ചേരണമായിരുന്നെങ്കിൽ അവർ പറയുന്നത് എന്താണെന്ന് കേൾക്കാൻ ആവശ്യമുണ്ടായിരുന്ന അവരുടെ ഭാഷകളിൽ സംസാരിക്കാമെന്ന കഴിവ് അപ്പൊസ്തലന്മാർക്ക് ആവശ്യമായിരുന്നു.

**വായിക്കുക: അ.പ്ര. 2:5-12 പെന്തക്കോസ്ത് നാളിൽ അപ്പൊസ്തലന്മാർ സംസാരിച്ചത് അന്ന് നിലവിലുണ്ടായിരുന്ന വിദേശ ഭാഷകളിലായിരുന്നു എന്നതിന് തെളിവ് എന്താണ്?**

ഒന്നാം നൂറ്റാണ്ടിൽ എട്ടുമുതൽ പത്തു ദശലക്ഷം യെഹൂദന്മാർ ഈ ലോകത്തിൽ ഉണ്ടായിരുന്നെങ്കിൽ അറുപത് ശതമാനത്തോളം പേർ ജീവിച്ചിരുന്നത് യെഹൂദയ്ക്ക് പുറത്തായിരുന്നു. അന്യസ്ഥലങ്ങളിൽ നിന്ന് ഉത്സവത്തിനായി യെരൂശലേമിൽ ആയിരുന്നവർ യെഹൂദരുടെ ആ പ്രദേശത്തെ സംസാര ഭാഷയായ ആരാമയ സംസാരിക്കാൻ കഴിയാത്തവരായിരുന്നു.

പെന്തെക്കോസ്തു നാളിൽ അഭിഷേകം പ്രാപിച്ചവരിൽ ഭൂരിപക്ഷവും പലനാടുകളിൽ നിന്നുവന്ന യെഹൂദന്മാരായിരുന്നു എന്നതിന് തർക്കമില്ല. ആ സുവിശേഷം അവർക്ക് അവരുടെ സ്വന്ത ഭാഷകളിൽ കേൾക്കുവാൻ കഴിഞ്ഞു. അപ്പൊസ്തലന്മാർ അന്ന് സംസാരിച്ച് അറിയപ്പെടാത്ത പ്രാദേശിക ഭാഷക ളെക്കാൾ അന്ന് നിലവിലുണ്ടായിരുന്ന വിദേശ ഭാഷകളിലാണ് (അ.പ്ര. 2:6,8).

(താരതമ്യം ചെയ്യുക. അ.പ്ര. 21:40, 22:2, 26:14) അപ്പോൾ അവർ വളരെ വ്യക്തമായി ഈ വിവിധ ഭാഷകളിൽ സംസാരിക്കുകയായിരുന്നു. സാധാരണക്കാരായ ഗലീലക്കാരയവർ മണിക്കൂറുകൾക്ക് മുൻപുവരെ സംസാരിക്കാൻ കഴിയാത്ത, അവർക്ക് അറിയാൻ കഴിയാതിരുന്ന ഒരു ഭാഷ സംസാരിക്കുവാൻ കഴിഞ്ഞത് അത്ഭുതമായിരുന്നു. ആ പ്രദേശത്തെ യെഹൂദന്മാർക്ക് ഈ ഭാഷകൾ പരിചിതമായിരുന്നില്ല. അവരുടെ സാധ്യമായ ഏകവിവരണം ഈ അപ്പൊസ്തലർ വീഞ്ഞ് കുടിച്ച് അർത്ഥമില്ലാത്ത ശബ്ദങ്ങൾ ഉച്ചരിക്കുന്നു "ചിലർ അവർ അധികം വീഞ്ഞ് കുടിച്ചിരിക്കുന്നു എന്നു പറഞ്ഞു പരിഹസിച്ചു" (അ.പ്ര. 2:13).

**ദൈവസാന്നിദ്ധ്യത്തിന്റെ ശക്തമായ തെളിവ് അവരുടെ കൺമുമ്പിൽ സംഭവിച്ചുകൊണ്ടിരിക്കുമ്പോഴും ഈ ജനങ്ങൾ എന്താണ് ചിന്തിക്കുന്നത്? ആത്മീയമായി നമ്മെ അന്ധരാക്കാതിരിപ്പാൻ നമുക്ക് എത്രമാത്രം ശ്രദ്ധയുള്ളവരായിരിക്കാം?**

**ചൊവ്വ** **ജൂലൈ 10**

**പത്രൊസിന്റെ പ്രസംഗം**

"ലഹരിപിടിച്ചവർ" എന്ന ആരോപണം, എന്താണ് സംഭവിച്ചത് എന്ന് വിശദീകരിക്കാൻ പത്രൊസിന് അവസരം നൽകി. തന്റെ പ്രസംഗത്തിൽ അപ്പൊസ്തലൻ ആദ്യമായി തിരുവചനത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് (അ.പ്ര. 2:16–21) പ്രവചന നിവർത്തിയായ പരിശുദ്ധാത്മാവിനെ പകരും എന്ന ഭാഗം വിവരിക്കുകയായിരുന്നു.

**താരതമ്യം ചെയ്യുക അ.പ്ര. 2:17; യോവേ. 2:28; യോവേൽ പ്രവചനത്തിലെ സമയത്തിന്റെ പൂർത്തികരണം പത്രൊസ് എങ്ങനെയാണ് മനസ്സിലാക്കിയത്?**

ഭാവികാലത്ത് അനേക സവിശേഷ അടയാളങ്ങളാൽ സ്വാഭാവികമായ ഈ ലോകത്തിൽ ധാരാളമായി എത്തപ്പെടുന്ന പരിശുദ്ധാത്മാവിനാൽ ഉള്ള (യോവേൽ 2:32) രക്ഷയെ കുറിച്ചുള്ള പ്രവചനമാണ് യോവേൽ (യോവേൽ 2:28-31). പെന്തെക്കോസ്ത് നാളിലെ അനുഭവത്തെ ഈ പ്രവചനത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നതിലൂടെ പത്രൊസ് ഊന്നൽ നൽകുവാൻ ഉദ്ദേശിച്ചത് ആ സമയത്തിന്റെ ചരിത്രപരമായ അനുയോജ്യതയാണ്. എന്നാൽ പത്രൊസ് യോവേലിനെ ഉദ്ധരിക്കുന്നതിൽ പ്രധാനപ്പെട്ട ഒരു വ്യത്യാസം ഉണ്ട്. യോവേൽ പ്രവചനത്തിന്റെ ആദ്യഭാഗത്ത് അടയാളപെടുത്തിയിട്ടുണ്ട് 'അതിനുശേഷം' (യോവേൽ 2:28) എന്നത് തികച്ചും ഭാവികാലത്തെ സൂചിപ്പിക്കുന്നു. ഇതിനുപകരം പത്രൊസ് സംസാരിച്ചത് (ഉദ്ധരിച്ച് പറഞ്ഞത്) 'അന്ത്യകാലത്തു' (അ.പ്ര. 2:17) അത് സൂചിപ്പിക്കുന്നത് രക്ഷയുടെ വേല പൂർത്തികരിക്കുന്നതിന്റെ പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്നാണ്. ഇത് തീർച്ചായും അന്ത്യകാല സംഭവങ്ങളുടെ ഒരു പൂർണ്ണവിവരണമല്ല. എന്നാൽ അന്ത്യകാലസഭയെ വ്യത്യസ്തമാക്കിയ വളരെ വേഗത്തിൽ എന്ന ചിന്താബോധത്തിനുള്ള തെളിവാണ്. അവസാനം എപ്പോൾ വരും എന്ന് അവർക്ക് അറിയില്ലായിരുന്നു എന്നാൽ അതിന് അധികം നാളുകൾ എടുക്കുകയില്ലയെന്ന് അവർ ഉറച്ചു വിശ്വസിച്ചു.

**വായിക്കുക: അ.പ്ര. 2:22-32 പത്രൊസിന്റെ സുവിശേഷ അവതരണത്തിലെ പ്രധാന വസ്തുത എന്തായിരുന്നു?**

പെന്തെക്കോസ്തു നാളിന്റെ പ്രവചന പ്രാധാന്യത്തെ അടിവരയിട്ട് കാണിച്ചതിനുശേഷം പത്രൊസ് തന്റെ ശ്രദ്ധതിരിച്ചത് യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങളായ ജീവിതം, മരണം, ഉയിർപ്പ് എന്നിവകളിലേയ്ക്കായിരുന്നു. ഉയിർപ്പിന് വളരെ പ്രാധാന്യത ലഭിച്ച കാരണം സുവിശേഷത്തിന്റെ നിർണ്ണായകമായ വസ്തുതയെ അത് പ്രതിനിധീകരിക്കുന്നു. ഉയിർപ്പ് പത്രൊസിന് യേശുവിന്റെ അന്തിമ വിജയമായിരുന്നു (അ.പ്ര. 2:22.27). ഉയിർപ്പിന്റെ അർത്ഥത്തിലേക്ക് ചിന്തയെ തിരിച്ചുവിടാൻ പത്രൊസ് തിരുവചനങ്ങളെ ഉദ്ധരിച്ചു.

യേശു മശിഹ ആയിരുന്നതുകൊണ്ട്, മരണത്തിന് അവനെ തോല്പിക്കുവാൻ കഴിയില്ല. പത്രൊസിനും പുതിയനിയമത്തിന്റെ രചയിതാക്കളായ മറ്റുള്ളവർക്കും ഉയിർപ്പ് യേശു മശിഹയാണെന്നതിനുള്ള ശക്തമായ തെളിവ് മാത്രമല്ല, ക്രിസ്തീയ രക്ഷയുടെ പരിപൂർണ്ണമായ ദൂതു കൂടെയാണ്.

**മരണത്താൽ പലപ്പോഴും നമ്മുടെ ചുറ്റുമുള്ളവർ നമ്മെ അല്ലെങ്കിൽ നമ്മുടെ പ്രിയപ്പെട്ടവരെ ഭയപ്പെടുത്താറുണ്ട്. എന്തുകൊണ്ടാണ് യേശുവിന്റെ ഉയിർപ്പ് അത്രപ്രാധാന്യമുള്ള സത്യമായിരിക്കുന്നത്?**

**യേശുവിന്റെ ആരോഹണം**

**"അവൻ ദൈവത്തിന്റെ വലതുഭാഗത്തേയ്ക്ക് ആരോഹണം ചെയ്ത പരിശുദ്ധാത്മാവ് എന്ന വാഗ്ദാനം പിതാവിനോടുവാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നത് പകർന്നു തന്നു" (അ.പ്ര. 2:33).**

തന്റെ പ്രഭാഷണത്തിന്റെ മൂന്നാം ഭാഗത്തേയ്ക്ക് വരുമ്പോൾ പത്രൊസ് വീണ്ടും അന്യഭാഷാവരത്തിലേയ്ക്ക് തിരികെപ്പോയി. അത് ആ സ്ഥലത്ത് ജനങ്ങളെ ആകർഷിച്ചിരുന്നു. ലഹരി പിടിച്ചതല്ല, അത് രാവിലെ ഒൻപതു മണിക്ക് സാധാരണമല്ലല്ലോ, ദൈവമക്കൾ സംസാരിച്ചിരുന്ന വിവിധ ഭാഷകൾ സ്വർഗ്ഗത്തിൽ നിന്ന് പരിശുദ്ധാത്മാവാൽ അവരുടെമേൽ ചൊരിയപ്പെട്ടതാണ് (അ.പ്ര. 2:15).

**വായിക്കുക: അ.പ്ര. 2:33-36 ദൈവത്തിന്റെ വലത്തുഭാഗത്തേയ്ക്കുള്ള യേശുവിന്റെ ആരോഹണവും പരിശുദ്ധാത്മാവിന്റെ പകരലും തമ്മിലുള്ള യോജിപ്പ് എന്താണ്?**

ദൈവത്തിന്റെ വലതു ഭാഗം അധികാരത്തിന്റെ ഒരു സ്ഥാനമാണ് (സങ്കീ. 110:1-3). വേദവാക്യങ്ങളുടെ അടിസ്ഥാനത്തിൽ പത്രൊസ് വാദിക്കുന്നത്, യേശു സ്വർഗ്ഗത്തിൽ അങ്ങനെ ഒരു സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടതിനാലാണ് തന്റെ ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ പകർന്നു നൽകിയത്. ഉയിർപ്പ് യേശുവിന് മുൻപ് ഇല്ലാതിരുന്ന ഒരു പദവിയും നൽകിയില്ല (യോഹ. 1:1-3, 17:5) പകരമായി ദൈവം, താൻ മാത്രം രക്ഷകനായ ദൈവമാകുന്നു എന്ന പരമമായ അംഗീകാരത്ത പ്രതിനിധാനം ചെയ്യുന്നതായിരുന്നു (അ.പ്ര. 2:36).

ഈ സംഭവം നമ്മളിലേയ്ക്ക്കൊണ്ടു വരുന്നത് തിരുവചനത്തിലെ പ്രധാനപ്പെട്ട ആശയങ്ങളിൽ ഒന്നായ നന്മയും തിന്മയും തമ്മിലുള്ള പ്രാപഞ്ചിക സംഘർഷത്തെയാണ്. അതിലെ വസ്തുത യേശു ഉയർത്തപ്പെട്ടില്ലായിരുന്നുവെങ്കിൽ പരിശുദ്ധാത്മാവിന് പൂർണ്ണമായികടന്നുവരാൻ കഴിയുകയില്ലായിരുന്നു (യോഹ. 7:39) യേശു ഉയർത്തപ്പെട്ടില്ലായിരുന്നുവെങ്കിൽ ക്രൂശിന്മേൽ ജയോത്സവം നേടാൻ കഴിയില്ലായിരുന്നു. (യോഹ. 17:4,5) മറ്റ് വാക്കുകളിൽ പറഞ്ഞാൽ യേശുവിന്റെ ഉയിർപ്പ് പരിശുദ്ധാത്മാവിന്റെ വരവിനായിട്ട് വ്യവസ്ഥയും, ഈ ലോകത്തിന്റെ ഭരണം തട്ടിയെടുത്ത സാത്താനെ തോല്പിച്ചതടക്കം ക്രൂശിലെ യേശുവിന്റെ പൂർത്തീകരണത്തിന്റെ അംഗീകാരവുമായിരുന്നു (യോഹ. 12:31).

ലോകത്തിലേക്കുള്ള പാപത്തിന്റെ പ്രവേശനം ദൈവത്തിനുമേൽ ഒരു നിഴൽ വീഴ്ത്തി. യേശുവിന്റെ മരണം ആവശ്യമായിരുന്നു, മനുഷ്യനെ വീണ്ടെടുക്കുവാൻ മാത്രമല്ല ദൈവത്തെ ഉയർത്തി കാണിക്കുവാനും, സാത്താൻ വഞ്ചകനാണെന്ന് തുറന്നു കാണിക്കുവാനും. യേശുവിന്റെ ശുശ്രൂഷയിൽ രക്ഷയുടെ കാലം ആരംഭിച്ചിരുന്നു. (ലൂക്കൊസ് 4:18-21) അവൻ ഭൂതങ്ങളെ പുറത്താക്കിയപ്പോഴും പാപങ്ങളെ ക്ഷമിച്ചപ്പോഴും സാത്താന്റെ അടിമകളെ അവൻ സ്വതന്ത്രമാക്കുകയായിരുന്നു, എങ്കിലും അത് ചെയ്യുവാനുള്ള പൂർണ്ണ അധികാരം ക്രൂശാണ് അവന് നൽകുന്നത് കർത്താവിന്റെ സ്വയ ത്യാഗത്തെ സ്വർഗ്ഗത്തിൽ അംഗീകരിക്കുമ്പോൾ അത് പിശാചിന് കനത്ത ഒരു പ്രഹരമായിരുന്നു, കർത്താവിന്റെ വരവിനായി ഒരുങ്ങുവാൻ പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയച്ചു.

**വ്യാഴം** **ജൂലൈ 12**

**ആദ്യഫലങ്ങൾ**

പത്രൊസിന്റെ വാക്കുകൾ അവന്റെ ശ്രോതാക്കളുടെ ഹൃദയത്തിന് മുറിവേല്പിച്ചു; അവരിൽ പലരും രണ്ടാഴ്ചകൾക്ക് മുൻപ് യേശുവിനെ ക്രൂശിക്കണം എന്ന് വാദിച്ചവരാണ് (ലൂക്കൊ. 23:13-25). എന്നാൽ ഇപ്പോൾ നസ്രേനായ യേശു ദൈവത്താൽ നിയോഗിക്കപ്പെട്ട മശിഹയായിരുന്നു എന്ന് വിശ്വസിക്കുവാൻ ഇടയായതിനാൽ അവർ ദുഃഖത്തോടെ നിലവിളിച്ചു. "ഞങ്ങൾ എന്തു ചെയ്യേണം"? (അ.പ്ര. 2:37).

**വായിക്കുക: അ.പ്ര. 2:38 ക്ഷമിക്കുവാൻ ആവശ്യമായ രണ്ട് അടിസ്ഥാന കാര്യങ്ങൾ എന്തൊക്കെയാണ്?**

പശ്ചാത്താപം എന്നാൽ ജീവിത ദിശയിലെ സമൂലമായ ഒരു മാറ്റമാണ്,അത് വെറുമൊരു ദുഃഖത്തിന്റെയോ കുറ്റബോധത്തിന്റെയോ അനുഭവത്തേക്കാളുപരി പാപത്തിൽ നിന്നുള്ള പിന്തിരിയലാണ് (അ.പ്ര.3:19,26:20). വിശ്വാസത്തോടൊപ്പം, യഥാർത്ഥ പശ്ചാത്താപം ദൈവത്തിന്റെ ഒരു വരമാണ്,എന്നാൽ വരങ്ങളെയുംപോലെ ഇതും നമുക്ക് നിരാകരിക്കാം (അ.പ്ര. 5:31-33, 26:19-21, റോമർ 2:4).

യോഹന്നാൻ സ്നാപകന്റെ സമയം മുതൽ പശ്ചാത്താപം സ്നാനവുമായി ചേർന്നുവന്ന ഒന്നായിരുന്നു (മർക്കൊസ് 1:4). അതുകൊണ്ടു തന്നെ സ്നാനം എന്നത് പശ്ചാതാപത്തിന്റെ പ്രകടനമായിരുന്നു; പരിശുദ്ധാത്മാവിനാൽ പാപം കഴുകിക്കളഞ്ഞ് സാന്മാർഗ്ഗീകമായി വീണ്ടും ജനിക്കുന്ന ചടങ്ങ് (അ.പ്ര. 2:38; 22:16; തീത്തൊസ് 3:5-7 മായി താരതമ്യം ചെയ്യുക).

**വായിക്കുക: അ.പ്ര. 2:38,39 പശ്ചാത്തപിച്ച് സ്നാമേൽക്കുന്നവർക്ക് എന്ത് പ്രത്യേക വാഗ്ദാനമാണ് ഉള്ളത്?**

പെന്തെക്കോസ്ത് നാളിൽ കൂടിവന്നവർക്ക് നൽകപ്പെട്ടത് പാപക്ഷമ മാത്ര മായിരുന്നില്ല. വ്യക്തിപരമായ വളർച്ചയും, സഭയിലെ ശുശ്രൂഷയ്ക്കും, ലോക ത്തിലെ നമ്മുടെ ദൗത്യത്തിനുമായി ആത്മാവിന്റെ നിറവിനെയുമാണ്. ഇതാ യിരുന്നു ഒരു പക്ഷേ അനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തരമായത്. കാരണം സഭ നിലനിൽക്കുന്നത് സുവിശേഷത്തിലെ സുവാർത്ത പങ്കുവെയ്ക്കുന്നതി നാണ് (1 പത്രൊസ് 2:9) അതുകൊണ്ട് നാം ഇവിടെ നിന്ന് മുന്നേറുമ്പോൾ, സഭ വിളിക്കപ്പെട്ട ദൗത്യത്തിനായി കഴിവുള്ളതാകുവാനും, രക്ഷയ്ക്കും പരി ശുദ്ധാത്മ ശക്തിയുമുള്ള ഉറപ്പ് അവർക്ക് ഉണ്ടായിരുന്നു.

**"പാപങ്ങളുടെ മോചനം" എന്ന യാഥാർത്ഥ്യം സുവിശേഷം ഘോഷിക്കു ന്നവരുടെ ജീവിതത്തിൽ എന്തുകൊണ്ടാണ് പ്രാധാന്യമുള്ളതായിരിക്കു ന്നത്? നിങ്ങൾക്കു അത് ഇല്ലെങ്കിൽ എങ്ങനെ യേശുവിലുള്ള പ്രത്യാശ മറ്റുള്ളവർക്കു നല്കാൻ കഴിയും?**

**വെള്ളി** **ജൂലൈ 12**

**കൂടുതൽ ചിന്തയ്ക്ക്:** ലോകത്തിന്റെ പാപത്തിനുവേണ്ടിയുള്ള ക്രിസ്തു വിന്റെ യാഗത്തെ പിതാവായ ദൈവം സ്വീകരിച്ചു എന്ന മഹത്തായ സത്യ ത്തിന്റെ വെളിപ്പെടുത്തലായിരുന്നു പെന്തെക്കോസ്ത് നാളിലെ ആത്മവർഷ ത്തോടെ സംഭവിച്ചത്. പരിശുദ്ധാത്മാവിന്റെ വർഷം കാണിക്കുന്നത് നമുക്കു വേണ്ടിയുള്ള സ്വർഗ്ഗത്തിലെ വേല കർത്താവ് തുടങ്ങിയിരിക്കുന്നു അത് തന്റെ ഭൗമിക യാഗത്തെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നാണ്. നമുക്ക് ഇപ്പോൾ അളക്കുവാൻ ആവാത്തവിധം സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്ന എന്ന അത്ഭുത സത്യത്തിന്റെ കൂടുതൽ അടയാളങ്ങളാണ് ആശ്ചര്യകരമായ ഈ സംഭവങ്ങൾ. "ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം, തന്റെ അനുയായി കൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട അനുഗ്രഹം പ്രാപിക്കും എന്നതിന്റെ അടയാള മായിരുന്നു. ക്രിസ്തു സ്വർഗ്ഗീയ കവാടത്തിലൂടെ കടക്കുമ്പോൾ മാലാഖ മാരുടെ സ്തുതികളിൽ മദ്ധ്യത്തിൽ അവൻ സ്ഥാനാരോഹണം ചെയ്യപ്പെട്ടു. ഈ ശുശ്രൂഷ പൂർത്തീകരിച്ചപ്പോൾ തന്നെ പരിശുദ്ധാത്മാവ് നിറഞ്ഞ ധാര യായി ശിഷ്യന്മാരിലേക്ക് ഇറങ്ങിവന്നു. നിത്യത മുതൽ തന്റെ പിതാവിനോ ടൊപ്പമുണ്ടായിരുന്ന മഹത്വത്തിൽ ക്രിസ്തുവും മഹത്വീകരിക്കപ്പെട്ടു. പെന്തെ ക്കോസ്തു നാളിലെ ആത്മമാരി വീണ്ടെടുപ്പുകാരന്റെ ആരംഭം പൂർത്തീകരി ക്കപ്പെട്ടു എന്നതിന്റെ സ്വർഗ്ഗീയ സന്ദേശമായിരുന്നു. അവന്റെ വാഗ്ദാന പ്രകാരം തന്റെ ശിഷ്യന്മാർക്ക് അച്ചാരമായി സ്വർഗ്ഗത്തിൽ നിന്ന് പരിശുദ്ധാ

ത്മാവിനെ അയച്ചു, പുരോഹിതനും, രാജാവുമായി സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും തനിക്ക് ലഭിച്ചിരിക്കുന്നു, തന്റെ ജനത്തിനുമേൽ അവൻ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു" EGW, The Acts of the Apostles pp. 38,39.

**ചർച്ച ചെയ്യുക:**

1. എന്ത് പെന്തെക്കോസ്ത് അനുഭവമാണ് സഭയ്ക്ക് അതിന്റെ ജീവിതത്തിൽ പ്രതീക്ഷിക്കാൻ കഴിയുന്നത്? എന്താണ് ആവർത്തിക്കപ്പെടാൻ കഴിയുന്നത്? എന്ത് കഴിയുന്നില്ല?

2. പെന്തെക്കോസ്തു നാളിൽ പത്രൊസ് നൽകിയ ദൂതിലെ പ്രധാനപ്പെട്ടതായ യേശുവിന്റെ ഉയിർപ്പ് എന്ന വിഷയത്തിന്മേൽ നാം കൂടുതൽ സമയം ചെലവിടുക. മശിഹയെക്കുറിച്ച് യെഹൂദന്മാരുടെ ഇടയിൽ നിലനിന്നിരുന്ന പ്രതീക്ഷകൾ എന്തു തന്നെയായിരുന്നാലും ഉയിർപ്പിനെ ഏറ്റവും ആശ്ചര്യ മുള്ളതാക്കിയത് എന്തായിരുന്നു? മരിച്ചവരിൽ നിന്ന് മശിഹ ഉയിർത്തെഴു ന്നേൽക്കുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. ഓരോരുത്തരുടെയും ആത്മീയ നിലവാരത്തിന്റെ തോത് അറിയുന്നത് അതായിരുന്നില്ല. മശിഹയുടെ വരവിനായി പ്രതീക്ഷയോടെ കാത്തിരുന്നവരിലും, നൂതനമായി പ്രചാരത്തിലുള്ള പഠിപ്പിക്കൽ എന്തായിരുന്നാലും ഇതിൽ നിന്ന് വേദപുസ്തകം നമ്മെ എന്തു പഠിപ്പിക്കുന്നു എന്ന് എങ്ങനെ നമുക്ക് അറിയാൻ കഴിയും?

3. അ.പ്ര. 2:38 സ്നാനത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുന്നു. യേശുവിൽ വിശ്വസിച്ച ആരെങ്കിലും സ്നാനത്തിനുമുമ്പ് മരിച്ചാൽ നഷ്ടപ്പെടും എന്ന് ഇത് അർത്ഥമാക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തെ ന്യായീകരിക്കുക.

✪ ✪ ✪ ✪